കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# ആഗസ്റ്റ്

# 2020




## പ്രൈസസ് വിഭാഗം

## സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

## തിരുവനന്തപുരം

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം **പി.വി .ബാബു**

**23-09-2020** **ഡയറക്ടർ**

# ആമുഖം

രാജ്യം കോവിഡ്-19 ഭീഷണിയിൽ നിന്നും ഇതുവരെ മോചിതമായിട്ടില്ലെങ്കിലും ലോക്ക് ഡൗണിൽ നിന്നും പ്രാദേശികമായ നിയന്ത്രണത്തിലേക്ക് കടക്കുമ്പോൾ സാമ്പത്തിക രംഗം പതുക്കെ സാധാരണ നിലയിലേക്ക് തിരിച്ചു വരുന്നതിനുള്ള സൂചന നൽകുന്നുണ്ട്. കേരളത്തിലും പല സാമ്പത്തിക മേഖലകളും ഇപ്പോഴും സജീവമായിട്ടില്ല.ടൂറിസം ഉൾപ്പെടെയുള്ള പല വരുമാനമാർഗ്ഗങ്ങളും നിർജീവമാണ് .ഇത് സർക്കാരിന്റെ വരുമാന മാർഗ്ഗത്തെ മാത്രമല്ല.ഇതിനെ ആശ്രയിച്ചു കഴിയുന്ന സാധാരണക്കാരുടെ ജീവിതക്രമത്തെയും താളംതെറ്റിച്ചിരിക്കുകയാണ്.

വിപണികൾ ഇപ്പോഴും പൂർണ്ണമായും സജീവമായിട്ടില്ലെന്നാണ് എല്ലാ ജില്ലകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ. ഓണത്തോട് അനുബന്ധിച്ച് ആഗസ്റ്റ് മദ്ധ്യത്തോടെ വിപണി കൂടുതൽ സജീവമായിട്ടുണ്ടെന്നാണ് വിവിധ ജില്ലകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ.

കേന്ദ്ര കാർഷിക മന്ത്രാലയം 2019-20 സീസണിലെ നാലാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പുറത്തുവിട്ടു.റിപ്പോർട്ട് പ്രകാരം നെല്ലിന്റെ ഉല്പാദനത്തിൽ 118.43 മില്ല്യൺ ടൺ എന്ന റെക്കോർഡ് ഉത്പാദനമാണ് പ്രതീക്ഷിക്കുന്നത്. പയർ വർഗ്ഗങ്ങളുടെ ഉത്പാദനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഏതാണ്ട് 1.07 മില്യൺ ടണ്ണിന്റെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.ഇതിൽ ചെറുപയറിന്റെ ഉത്പാദനം കഴിഞ്ഞ വർഷത്തെ അതെ നിലയിൽ തന്നെ തുടരുമ്പോൾ, ഉഴുന്നിന്റെ ഉല്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 1 മില്യൺ ടണ്ണിന്റെ കുറവ് കണക്കാക്കുന്നു. അതെ സമയം കടല,തുവര എന്നിവയുടെ ഉല്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

കോവിഡ് പ്രതിസന്ധിക്കിടയിലും ഇന്ത്യയുടെ കാർഷിക രംഗത്ത് നിന്നും ശുഭപ്രതീക്ഷ നൽകുന്ന വാർത്തകളാണ് ശ്രവിക്കുന്നത് .കോവിഡ് ഭീഷണി കാർഷിക രംഗത്തെ കാര്യമായി ബാധിച്ചില്ല എന്നാണ് .കാർഷിക വിസ്തൃതിയെകുറിച്ച് കാർഷിക മന്ത്രാലയം പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത്. നെല്ല്,പയർ വർഗ്ഗങ്ങൾ തുടങ്ങി പ്രധാനപ്പെട്ട കാർഷിക ഇനങ്ങളുടെ വിസ്തൃതിയിൽ കഴിഞ്ഞ വർഷത്തേക്കാൾ പുരോഗതി റിപ്പോർട്ട് ചെയ്യുന്നു..

പൊതുവെ കൃഷിക്ക് അനുകൂലമായ കാലാവസ്ഥയാണ് ഏതാണ്ടെല്ലാ കാർഷിക സംസ്ഥാനങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ ഇന്ത്യയിൽ പൊതുവെ നല്ല തോതിലുള്ള മഴ ലഭിച്ചു.ജൂൺ 1 മുതൽ ആഗസ്റ്റ് 26 വരെയുള്ള കണക്ക് പ്രകാരം ഇന്ത്യയിൽ 8 ശതമാനം അധിക മഴ ലഭിച്ചിട്ടുണ്ട്.തെക്കൻ സംസ്ഥാനങ്ങളിൽ 23 ശതമാനവും മദ്ധ്യേന്ത്യയിൽ 15 ശതമാനവും വടക്ക് കിഴക്ക്,കിഴക്കൻ സംസ്ഥാനങ്ങളിൽ 4 ശതമാനവും അധിക മഴ ലഭിച്ചപ്പോൾ വടക്ക് പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ 13 ശതമാനം മഴക്കുറവ് അനുഭവപ്പെട്ടു .അതേസമയം ദക്ഷിണേന്ത്യൻ സംസ്ഥനങ്ങളിലെ ജൂൺ 1 മുതൽ സപ്തംബർ 2 വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ കേരളം ഒഴികെയുള്ള സംസ്ഥങ്ങളിൽ അധിക മഴ ലഭിച്ചിട്ടുണ്ട്. കേരളത്തിൽ സാധാരണയെക്കാൾ 9 ശതമാനം മഴക്കുറവ് ഈ കാലയളവിൽ റിപ്പോർട്ട് ചെയ്യുന്നു. കേരളത്തിൽ കണ്ണൂർ,കോഴിക്കോട്,കോട്ടയം,തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ മഴക്കുറവ് റിപ്പോർട്ട് ചെയ്തു.ഏറ്റവും മഴക്കുറവ് റിപ്പോർട്ട് ചെയ്തത് വയനാട് ജില്ലയിലാണ്-30 ശതമാനം.

ഹോർട്ടികൾച്ചർ വിളകളുടെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം കഴിഞ്ഞ വർഷത്തേക്കാൾ 3.13 ശതമാനം ഉത്പാദന വർദ്ധനവ് പ്രതീക്ഷിക്കുന്നു. പച്ചക്കറി,പഴ വർഗ്ഗങ്ങളുടെ ഉത്പാദനത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുമ്പോൾ തോട്ടവിളകളുടെയും,സുഗന്ധ വ്യഞ്ജനങ്ങളുടെയും ആകെ ഉത്പാദനത്തിൽ നേരിയ കുറവ് സൂചിപ്പിക്കുന്നു..

ഇത്തവണ റെക്കോർഡ് നെല്ല് സംഭരണമാണ് ഉണ്ടായിട്ടുള്ളത് എഫ് സി ഐ-യുടെ ആഗസ്റ്റ് 28 ലെ കണക്ക് പ്രകാരം 510.02 ടൺ അരി സംഭരിച്ചിട്ടുണ്ട്.കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 440.65 ലക്ഷം ടൺ അരിയാണ് സംഭരിച്ചത്. സംഭരണത്തിന്റെ അവസാന മാസത്തിൽ എത്തിനിൽക്കേ ഈ വർഷത്തെ സംഭരണ ലക്ഷ്യമായ 527.60 ലക്ഷം ടൺ അരി സംഭരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിൽ നിന്നും ഈ കാലയളവിൽ 4. 75 ലക്ഷം മെട്രിക് ടൺ അരി സംഭരിച്ചിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണ്. 2020-21 മാർക്കറ്റിംഗ് സീസണിൽ അരിയുടെ വിലയിൽ കാര്യമായ വർദ്ധനവിന് സാധ്യത കാണുന്നില്ല

ആഗസ്റ്റ് മാസം മദ്ധ്യത്തോടെ പച്ചക്കറികളുടെ വിലയിൽ പ്രകടമായ വില വ്യത്യാസം ദൃശ്യമായിരുന്നു.പ്രത്യേകിച്ച് ഉരുളക്കിഴങ്ങ് ,തക്കാളി എന്നിവയുടെ വിലയിൽ പ്രകടമായ വർദ്ധനവ് ദൃശ്യമാണ്. തക്കാളിയുടെ വില കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് അല്പം കുറഞ്ഞെങ്കിലും മാസം മദ്ധ്യത്തോടെ വീണ്ടും വർദ്ധനവ് തുടർന്ന്. സവാള, ഉള്ളി എന്നിവയുടെ വിലയിലും വർദ്ധനവിനുള്ള പ്രവണത പ്രകടമാണ്.ഓണത്തോട് അനുബന്ധിച്ച് മിക്കവാറും മാർക്കറ്റുകളും കൂടുതൽ സജീവമായിട്ടുണ്ട്. ഇതും പച്ചക്കറികളുടെ വിലയിൽ വർദ്ധനവിന് കാരണമായിട്ടുണ്ട്.

## I. ധാന്യങ്ങൾ

അരിയുടെ വിലയിൽ തുടർച്ചയായ കുറവ് ഉണ്ടായിട്ടുണ്ട്. മിക്ക ഇനങ്ങളിലും മാസം മദ്ധ്യത്തോടെ നേരിയ കുറവ് അനുഭവപ്പെട്ടു. ഓണത്തോട് അനുബന്ധിച്ച് റേഷൻ കടകൾ വഴിയും മറ്റ് സന്നദ്ധ സംഘടനകൾ വഴിയും അരി വിതരണം ചെയ്തത് പൊതുവിപണിയിൽ അരിയുടെ ഡിമാന്റിൽ കുറവുണ്ടാവാൻ കാരണമായിട്ടുണ്ട്. നിലവിൽ എഫ് സി ഐ യുടെ പക്കലും പൊതു വിപണിയിലും ആവശ്യത്തിനുള്ള സ്റ്റോക്ക് ഉണ്ടെന്നാണ് ലഭിക്കുന്ന വിവരം .

2019–20 സംഭരണ സീസൺ (ഒക്ടോബർ–സപ്തംബർ) അവസാന ഘട്ടത്തിൽ എത്തി നിൽക്കുമ്പോൾ അരിയുടെ സംഭരണം ലക്ഷ്യമിട്ടതിന്റെ ഏതാണ്ട് അടുത്ത് എത്തിയിട്ടുണ്ട്. ഇതുവരെയായി. 510.02 ലക്ഷം ടൺ അരി സംഭരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 440.65 ലക്ഷം ടൺ അരിയാണ് സംഭരിച്ചത്.

2020–21 ഖാരിഫ് സീസണിൽ മികച്ച തോതിലുള്ള നെൽകൃഷി റിപ്പോർട്ട് ചെയ്യുന്നു.ഇതുവരെയായി 389.81 ലക്ഷം ഹെക്ടർ നെൽ കൃഷി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 35.40 ലക്ഷം ഹെക്ടർ കൂടുതലാണിത്.

നിലവിലുള്ള സ്ഥിതി വിലയിരുത്തുമ്പോൾ അരിയുടെ വില അടുത്ത മാസങ്ങളിലും വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2019 | ജൂലൈ 2020 | ആഗസ്ത് 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 38.75 | 38.77 | 38.35 | -1.08 | -1.03 |
| 2 | ചമ്പ | കിലോഗ്രാം | 39.50 | 40.00 | 40.00 | 0.00 | 1.27 |
| 3 | റോസ് | കിലോഗ്രാം | 39.33 | 41.27 | 41.24 | -0.07 | 4.86 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.69 | 36.99 | 36.85 | -0.38 | 0.44 |
| 5 | ജയ | കിലോഗ്രാം | 36.06 | 37.81 | 37.85 | 0.11 | 4.96 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.23 | 35.42 | 35.29 | -0.37 | 3.10 |



## II.പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളുടെ വിലയിൽ പൊതുവെ വിലക്കുറവിനുള്ള പ്രവണത പ്രകടമായിരുന്നു. ലോക്ക് ഡൗൺ പിൻവലിച്ചതിനു ശേഷം വിപണിയിൽ പയർ – പരിപ്പ് വർഗ്ഗങ്ങളുടെ വരവ് വർദ്ധിച്ചതും ഡിമാന്റിൽ ഉണ്ടാവുന്ന കുറവുമാണ് വിലക്കുറവിനു കാരണമായതെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം . സപ്തംബറിലും ഏതാണ്ട് ഇതേ നില തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം .

ഖാരിഫ് സീസണിലെ പയർ വർഗ്ഗങ്ങളുടെ കൃഷി അവസാന ഘട്ടത്തിൽ എത്തിനിൽക്കുകയാണ് നിലവിലുള്ള കണക്ക് പ്രകാരം സാധാരണ കാർഷിക വിസ്തൃതിയേക്കാൾ ഏതാണ്ട് 4 ശതമാനം കൂടുതൽ കൃഷി നടന്നിട്ടുണ്ട്.134.57 ലക്ഷം ഹെക്ടർ സ്ഥലത്തു പയർ വർഗ്ഗങ്ങളുടെ കൃഷി നടന്നിട്ടുണ്ട്.ഇത് കഴിഞ്ഞ വർഷത്തേക്കാൾ 5.91 ലക്ഷം ഹെക്ടർ കൂടുതലാണ്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ 2019–20 സീസണിലെ നാലാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പയർ വർഗ്ഗങ്ങളുടെ ഉത്പാദനം ലക്ഷ്യമിട്ട നിലയിൽ എത്തില്ലെങ്കിലും കഴിഞ്ഞ വർഷത്തേക്കാൾ 1.07 മില്യൺ ടണിന്റെ വർദ്ധനവ് പ്രതീക്ഷിക്കുന്നു. ഇതിൽ ചെറുപയറിന്റെ ഉത്പാദനം കഴിഞ്ഞ വർഷത്തെ അതെ നിലയിൽ തന്നെ തുടരുമ്പോൾ, ഉഴുന്നിന്റെ ഉല്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 1 മില്യൺ ടണ്ണിന്റെ കുറവ് കണക്കാക്കുന്നു. അതെ സമയം കടല,തുവര എന്നിവയുടെ ഉല്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ യഥാക്രമം 1.14, 0.51 മില്യൺ ടണ്ണിന്റെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2019 | ജൂലൈ 2020 | ആഗസ്ത് 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 95.43 | 121.66 | 116.71 | -4.07 | 22.30 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 97.61 | 125.82 | 121.76 | -3.23 | 24.74 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 94.95 | 120.15 | 118.63 | -1.27 | 24.94 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 91.25 | 115.12 | 112.55 | -2.23 | 23.34 |
| 5 | വൻപയർ | കിലോഗ്രാം | 77.57 | 80.74 | 77.48 | -4.04 | -0.12 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 99.52 | 99.00 | 99.83 | 0.84 | 0.31 |
| 7 | കടല(വലുത്) | കിലോഗ്രാം | 77.14 | 78.60 | 78.83 | 0.29 | 2.19 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 73.59 | 70.71 | 71.38 | 0.95 | -3.00 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 69.31 | 76.26 | 75.94 | -0.42 | 9.57 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 71.95 | 84.85 | 85.08 | 0.27 | 18.25 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ ആഗസ്റ്റിൽ കോഴിമുട്ടയുടെയും ശർക്കരയുടെയും വിലയിൽ വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു.അതെ സമയം ഇറച്ചിക്കോഴിയുടെ വിലയിൽ കുറവുണ്ടായി. കോഴിമുട്ടയുടെയും ഇറച്ചിക്കോഴിയുടെയും വിലയിൽ സപ്തംബറിൽ വർദ്ധനവിനുള്ള സാധ്യത നിലനിൽക്കുന്നു.. ലോക്ക് ഡൗണിൽ ഇളവുകൾ വരുത്തുകയും ഹോട്ടലുകളും ബേക്കറികളും തുറന്നു പ്രവർത്തിക്കുകയും ,മത്സ്യത്തിന്റെ ലഭ്യതക്കുറവും വിലക്കൂടുതലും മുട്ടയുടെ ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ടന്നാണ് ലഭിക്കുന്ന സൂചന. കേരളത്തിൽ മാത്രമല്ല എല്ലാ സംസ്ഥാനങ്ങളിലും മുട്ടയുടെ വിലയിൽ ഈ കാലയളവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സപ്തംബറിലും വർദ്ധനവ് തുടരാനാണ് സാധ്യത.

പഞ്ചസാരയുടെ വിലയിലും നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും കാര്യമായ വർദ്ധനവ് തുടരാൻ സാധ്യത ഇല്ല.തേയില വിലയിൽ മാസം മദ്ധ്യത്തോടെ കാര്യമായ വർദ്ധനവിനുള്ള പ്രവണത കാണുന്നുണ്ട്. ഉത്തരേന്ത്യയിൽ ഉത്പാദനം കുറഞ്ഞതും, ആസാമിലുണ്ടായ വെള്ളപ്പൊക്കം കാരണവും തേയില വിലയിൽ കാര്യമായ വർദ്ധനവ് സപ്തംബറിലും തുടരാൻ ഇടയുണ്ടെന്നാണ് ലഭിക്കുന്ന സൂചന. ടീ ബോർഡിന്റെ ജൂലൈ മാസത്തെ കണക്ക് പ്രകാരം ഉത്പാദനത്തിൽ കഴിഞ്ഞ വർഷം ഇതേ കാലയളവിലെ ഉത്പാദനത്തേക്കാൾ ഏതാണ്ട് 15 മില്യൺ കിലോഗ്രാമിന്റെ കുറവ് കാണിക്കുന്നു. ആഗസ്റ്റ് മാസത്തിലെ ഉത്പാദനത്തിലും കുറവുണ്ടാവുമെന്നാണ് കണക്കാക്കുന്നത്.

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2019 | ജൂലൈ 2020 | ആഗസ്ത് 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.30 | 39.25 | 39.39 | 0.36 | 2.85 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 155.29 | 172.17 | 169.06 | -1.81 | 8.87 |
| 3 | ശർക്കര | കിലോഗ്രാം | 54.09 | 55.68 | 59.67 | 7.17 | 10.32 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 51.26 | 51.65 | 56.70 | 9.78 | 10.61 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 578.04 | 642.85 | 641.07 | -0.28 | 10.90 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 97.92 | 109.68 | 102.36 | -6.67 | 4.53 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.52 | 147.31 | 147.14 | -0.12 | -0.26 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 162.52 | 164.18 | 163.23 | -0.58 | 0.44 |



## IV. എണ്ണയും എണ്ണക്കുരുക്കളും

വെളിച്ചെണ്ണയുടെയും തേങ്ങയുടെയും വിലയിൽ അവലോകനമാസമായ ആഗസ്റ്റിൽ അവർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു.മറ്റ് എണ്ണ ഇനങ്ങളുടെ വിലയിൽ കാര്യമായ മാറ്റമില്ലാതെ തുടർന്നു തേങ്ങയുടെ ഉത്പാദനം കുറഞ്ഞതും ഉപഭോഗത്തിലുണ്ടായ വർദ്ധനവുമാണ് വില വർദ്ധനവിന് കാരണമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

ഇന്റർനാഷണൽ കോക്കനട്ട് കമ്മ്യൂണിറ്റിയുടെ കണക്കനുസരിച്ച് പ്രധാനപ്പെട്ട ഉത്പാദക രാജ്യങ്ങളിൽ എല്ലാം തന്നെ ഈ കാലയളവിൽ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വെളിച്ചെണ്ണ യൂറോപ്പിൽ ആഗസ്റ്റ് മാസാദ്യം ടണ്ണിനു 906 ഡോളറായിരുന്നത് 1025 ഡോളറായും ഫിലിപ്പീൻസിൽ 835 ആയിരുന്നത് 900 ആയും ഇന്തോനേഷ്യയിൽ 835 ആയിരുന്നത് 890 ആയും വർദ്ധിച്ചു .കൊപ്രയുടെ വിലയിൽ ഫിലിപ്പീൻസിൽ 595 ആയിരുന്നത് 607 ആയും ഇന്തോനേഷ്യയിൽ 560 ആയിരുന്നത് 574 ആയും ശ്രീലങ്കയിൽ 1320 ആയിരുന്നത് 1369 ആയും വർദ്ധിച്ചു. തേങ്ങ തൊണ്ടില്ലാതെ ഇന്തോനേഷ്യയിൽ 143 ആയിരുന്നത് 164 ആയും ശ്രീലങ്കയിൽ 294 ആയിരുന്നത് 309 ആയും വർദ്ധിച്ചു സപ്തംബറിലും തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് പൊതുവെ വിപണി വിലയിരുത്തൽ.

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2019 | ജൂലൈ 2020 | ആഗസ്ത് 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 178.57 | 183.56 | 187.74 | 2.28 | 5.14 |
| 2 | കടല എണ്ണ(ലൂസ്) | ലിറ്റർ | 158.00 | 154.47 | 153.00 | -0.95 | -3.16 |
| 3 | റിഫൈൻഡ് ഓയിൽ | ലിറ്റർ | 98.08 | 109.74 | 109.58 | -0.15 | 11.73 |
| 4 | നല്ലെണ്ണ | ലിറ്റർ | 216.29 | 199.10 | 199.24 | 0.07 | -7.88 |
| 5 | കടുക് എണ്ണ | ലിറ്റർ | 136.38 | 142.50 | 142.50 | 0.00 | 4.49 |
| 6 | വനസ്പതി(ഡാൽഡ) | ലിറ്റർ | 99.09 | 107.69 | 108.36 | 0.62 | 9.36 |
| 7 | സൂര്യകാന്തി ഓയിൽ | ലിറ്റർ | 98.27 | 109.23 | 109.63 | 0.37 | 11.56 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 172.34 | 179.11 | 188.43 | 5.20 | 9.34 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകനമാസമായ ആഗസ്റ്റിൽ വെളുത്തുള്ളി ഒഴികെയുള്ള ഇനങ്ങൾക്ക് കാര്യമായ വിലവ്യതിയാനം പ്രകടമായില്ല.വെളുത്തുള്ളിയുടെ വിലയിൽ കാര്യമായ വർദ്ധനവുണ്ടായി . വെളുത്തുള്ളിയുടെ വിലയിൽ കഴിഞ്ഞ വർഷം ഉണ്ടായ വൻ വർദ്ധനവിന് ശേഷം കാര്യമായ കുറവ് പിന്നീട് ഉണ്ടായിട്ടില്ല. നേരിയ കുറവ് ഉണ്ടായെങ്കിലും പിന്നീട് വില വീണ്ടും വർദ്ധിക്കുന്നതായാണ് കണ്ടത് .പൊതുവെ വിപണിയിൽ വെളുത്തുള്ളിയുടെ ഡിമാന്റ് വാൻ തോതിൽ വർദ്ധിച്ചതായാണ് ലഭിക്കുന്ന വിവരം അതിനനുസരിച്ച് ഉത്പാദനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല അതുകൊണ്ട് തന്നെ വെളുത്തുള്ളിയുടെ വിലയിൽ വരും മാസങ്ങളിലും കാര്യമായ കുറവ് പ്രതീക്ഷിക്കുന്നില്ല.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട ഹോർട്ടികൾച്ചർ വിളകളുടെ 2019-20 സീസണിലെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം മല്ലി, ഏലം ,വെളുത്തുള്ളി എന്നിവയുടെ ഉത്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് പ്രതീക്ഷിക്കുമ്പോൾ വറ്റൽ മുളക്,ജീരകം,മഞ്ഞൾ എന്നിവയുടെ ഉത്പാദനത്തിൽ നേരിയ കുറവ് പ്രതീക്ഷിക്കുന്നു. കുരുമുളകിന്റെ ഉത്പാദനം ഏതാണ്ട് കഴിഞ്ഞ വർഷത്തെ അതേ നിലയിൽ തന്നെ തുടരുമെന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ആന്ധ്രാപ്രദേശ് സർക്കാരിന്റെ ജൂലായിലെ റിപ്പോർട്ട് അനുസരിച്ച് ഖരീഫ് സീസണിൽ സാധാരണ കാർഷിക വിസ്തൃതിയുടെ 15 ശതമാനം വറ്റൽ മുളക് കൃഷി ഇതുവരെയായി നടന്നിട്ടുണ്ട്.കാലാവസ്ഥ അനുകൂലമാണെന്നും കൃഷി നല്ല തോതിൽ പുരോഗമിക്കുന്നു എന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു. കുരുമുളക് വിപണിയിൽ ഇപ്പോഴും ഇറക്കുമതി കുരുമുളക് വ്യാപകമായതിനാൽ വിലയിൽ കാര്യമായ പുരോഗതി ഇല്ലാതെ നിലനിൽക്കുന്നു.

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2019 | ജൂലൈ 2020 | ആഗസ്ത് 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 102.82 | 96.39 | 97.93 | 1.60 | -4.76 |
| 2 | മുളക് | കിലോഗ്രാം | 143.38 | 167.49 | 162.81 | -2.79 | 13.55 |
| 3 | ഉള്ളി | കിലോഗ്രാം | 60.61 | 55.13 | 54.69 | -0.80 | -9.77 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 140.43 | 158.21 | 159.17 | 0.61 | 13.34 |
| 5 | ജീരകം | 100 ഗ്രാം | 30.02 | 29.83 | 29.90 | 0.23 | -0.40 |
| 6 | കടുക് | 100 ഗ്രാം | 9.59 | 9.71 | 9.81 | 1.03 | 2.29 |
| 7 | ഉലുവ | 100 ഗ്രാം | 10.00 | 9.93 | 10.12 | 1.91 | 1.20 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.88 | 19.05 | 18.67 | -1.99 | -1.11 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 12.89 | 13.69 | 15.21 | 11.10 | 18.00 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 417.27 | 373.54 | 371.92 | -0.43 | -10.87 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ ആഗസ്റ്റിൽ കിഴങ്ങു വർഗ്ഗങ്ങളിൽ പ്രധാനമായും ഉരുളക്കിഴങ്ങിന്റെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സെപ്റ്റംബർ മാസത്തിലും ഈ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം കാരറ്റിന്റെ വിലയിൽ മാസാവസാനം വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു.

ഓണത്തോട് അനുബന്ധിച്ച് മിക്കവാറും കിഴങ്ങു വർഗ്ഗങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ചേമ്പ്, ബീറ്റ്റൂട്ട് എന്നിവയുടെ വിലയിൽ പിന്നീട് കുറവുണ്ടായിട്ടുണ്ട്. എങ്കിലും പ്രാദേശികമായ ഏറ്റക്കുറച്ചിലുകൾ മിക്ക മാർക്കറ്റുകളിലും കണ്ടുവരുന്നു. ഹോർട്ടികൾച്ചർ വിളകളുടെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം ഉരുളക്കിഴങ്ങ്,മരച്ചീനി എന്നിവയുടെ ഉത്പാദനത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുമ്പോൾ കാരറ്റ് ,ചേന,ബീറ്റ്റൂട്ട് എന്നിവയുടെ ഉത്പാദനത്തിൽ കുറവ് സൂചിപ്പിക്കുന്നു.

.

| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2019 | ജൂലൈ 2020 | ആഗസ്റ്റ് 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **37.21** | **34.37** | **35.87** | **4.36** | **-3.60** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **26.73** | **24.95** | **23.40** | **-6.21** | **-12.46** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **28.43** | **40.23** | **43.19** | **7.36** | **51.92** |
| 4 | ചേമ്പ് | കിലോഗ്രാം | **73.12** | **59.90** | **62.00** | **3.51** | **-15.21** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **42.27** | **37.80** | **36.69** | **-2.94** | **-13.20** |
| 6 | കാരററ് | കിലോഗ്രാം | **61.77** | **41.52** | **56.14** | **35.21** | **-9.11** |



## VII. പച്ചക്കറി ഇനങ്ങൾ

അവലോകനമാസമായ ആഗസ്റ്റിൽ പ്രധാനമായും വർദ്ധനവ് ഉണ്ടായ ഇനങ്ങളാണ് പച്ചക്കറി വർഗ്ഗങ്ങൾ ഓണത്തോട് അനുബന്ധിച്ച് മിക്കവാറും ഇനങ്ങളുടെ വിലയും മാസാവസാനത്തിൽ വർദ്ധനവ് പ്രകടമായിരുന്നു. മിക്കതും സീസണലായ വർദ്ധനവായിരുന്നു ഓണം കഴിയുന്നതോടെ ഇവയുടെ വിലയിൽ കുറവുണ്ടാവും. എന്നാൽ സീസണൽ അല്ലാത്ത വർദ്ധനവ് ശ്രദ്ധയിൽ പെട്ടത് തക്കാളി ,ഉള്ളി,സവാള എന്നിവയുടെ വിലയാണ്. തക്കാളിയുടെ വിലയിൽ ജൂലൈ മാസത്തെ അപേക്ഷിച്ച് നേരിയ കുറവുണ്ടായെങ്കിലും മാസാവസാനം വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു,.ഉള്ളി സവാള എന്നിവയുടെ വിലയിൽ നേരിയ വർദ്ധനവാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെങ്കിലും വരും മാസങ്ങളിൽ ഉണ്ടാവാൻ സാധ്യത ഉള്ള വർധനവിന്റെ സൂചനയായി ഇതിനെ കണക്കാക്കാവുന്നതാണ്. തക്കാളിയുടെ വിലയിൽ കാര്യമായ വർദ്ധനവ് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. മഴമൂലം ഉണ്ടായ കൃഷി നാശവും കോവിഡ് പ്രതിസന്ധിയുമാണ് തക്കാളിയുടെ വർദ്ധനവിന് കാരണമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന വർദ്ധനവ് സപ്തംബറിലും കാര്യമായി തുടരാൻ ഇടയുണ്ടെന്നാണ് വിവിധ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന സൂചനകൾ

.ഈ വർഷം ഉള്ളിയുടെയും, സവാളയുടെയും ഉത്പാദനത്തിൽ വൻതോതിലുള്ള വർധനവാണ് ഉണ്ടായത് പ്രത്യേകിച്ച് മഹാരാഷ്ട്ര, മധ്യപ്രദേശ് സംസ്ഥാനങ്ങളിൽ കഴിഞ്ഞ വർഷത്തെ രൂക്ഷമായ വില വർദ്ധനവിനെ തുടർന്ന് ഈ വർഷം 1 ലക്ഷം ടൺ സവാള സംഭരിക്കുമെന്ന പ്രഖ്യാപിച്ചിരുന്നെങ്കിലും ഇതുവരെയും ലക്ഷ്യമിട്ട തോതിലുള്ള സംഭരണം സാധ്യമായിട്ടില്ല എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2019 | ജൂലൈ 2020 | ആഗസ്ത് 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 30.00 | 18.90 | 21.35 | 12.96 | -28.83 |
| 2 | വഴുതന | കിലോഗ്രാം | 34.91 | 31.43 | 32.93 | 4.77 | -5.67 |
| 3 | മത്തങ്ങ | കിലോഗ്രാം | 21.93 | 22.45 | 25.20 | 12.25 | 14.91 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 21.79 | 23.69 | 27.05 | 14.18 | 24.14 |
| 5 | വെണ്ടക്ക | കിലോഗ്രാം | 35.11 | 32.07 | 41.64 | 29.84 | 18.60 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 55.07 | 43.81 | 57.71 | 31.73 | 4.79 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 54.30 | 44.10 | 54.64 | 23.90 | 0.63 |
| 8 | കാബേജ് | കിലോഗ്രാം | 37.70 | 27.75 | 30.19 | 8.79 | -19.92 |
| 9 | പാവയ്ക്ക | കിലോഗ്രാം | 47.21 | 45.70 | 47.67 | 4.31 | 0.97 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 21.96 | 25.71 | 26.94 | 4.78 | 22.68 |
| 11 | പടവലങ്ങ | കിലോഗ്രാം | 36.11 | 31.50 | 33.57 | 6.57 | -7.03 |
| 12 | തക്കാളി | കിലോഗ്രാം | 31.48 | 39.45 | 33.60 | -14.83 | 6.73 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.11 | 5.49 | 5.76 | 4.92 | 12.72 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 41.02 | 34.97 | 42.07 | 20.30 | 2.56 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 37.98 | 30.99 | 31.07 | 0.26 | -18.19 |



## VIII. പഴവർഗ്ഗങ്ങൾ

മിക്ക ഇനങ്ങളുടെയും പ്രധാനപ്പെട്ട സീസൺ അവസാനിച്ചതോടെ സീസണലായ പഴവർഗ്ഗങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഏത്തപ്പഴം,വാഴപ്പഴങ്ങൾ എന്നിവയുടെ വിലയിൽ മാസാവസാനം കാര്യമായ വർദ്ധനവ് റിപ്പോർട്ട് ചെയ്തു.

ഹോർട്ടികൾച്ചർ വിളകളുടെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം പഴവർഗ്ഗങ്ങളുടെ മൊത്തം ഉത്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് പ്രതീക്ഷിക്കുന്നു. ആപ്പിൾ, ഓറഞ്ച്, ഏത്തപ്പഴം,പൈനാപ്പിൾ ,തണ്ണിമത്തൻ , മുന്തിരി,പേരയ്ക്ക എന്നിവയുടെ ഉത്പാദനത്തിൽ വർദ്ധനവ് സൂചിപ്പിക്കുമ്പോൾ മാങ്ങ,മാതളം എന്നിവയുടെ ഉത്പാദനത്തിൽ കുറവ് സൂചിപ്പിക്കുന്നു.

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2019 | ജൂലൈ 2020 | ആഗസ്ത് 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 111.20 | 103.80 | 98.54 | -5.07 | -11.38 |
| 2 | മുസമ്പി | കിലോഗ്രാം | 69.72 | 61.77 | 60.77 | -1.62 | -12.84 |
| 3 | മാതളം | കിലോഗ്രാം | 112.67 | 110.04 | 103.85 | -5.63 | -7.83 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 137.15 | 142.98 | 145.32 | 1.64 | 5.96 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 49.78 | 45.41 | 53.30 | 17.38 | 7.07 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 46.79 | 29.01 | 29.80 | 2.72 | -36.31 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 76.77 | 54.41 | 59.46 | 9.28 | -22.55 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 62.55 | 48.26 | 51.33 | 6.36 | -17.94 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 37.31 | 27.56 | 28.65 | 3.96 | -23.21 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 105.20 | 83.43 | 101.55 | 21.72 | -3.47 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 24.55 | 17.90 | 18.38 | 2.68 | -25.13 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 111.46 | 70.98 | 80.71 | 13.71 | -27.59 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 93.45 | 76.93 | 69.50 | -9.66 | -25.63 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

ഭക്ഷ്യേതരവസ്തുക്കളിൽ കാര്യമായ മാറ്റമൊന്നുമില്ലാതെയാണ് അവലോകനമാസമായ ആഗസ്ത് മാസവും കടന്നുപോയത്. സിമന്റിന്റെ വിലയിൽ ലോക്ക് ഡൗണിൽ ഇളവ് വരുത്തിയതിനു ശേഷം ഉണ്ടായ ഉണ്ടായ വർദ്ധനവ് നേരിയ കുറവോടെ നില നിൽക്കുന്നു.

സ്റ്റീലിന്റെ വിലയിലും കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടായില്ല .സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ സപ്തംബർ മാസത്തിലും കാര്യമായ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നില്ല.

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2019 | ജൂലൈ 2020 | ആഗസ്ത് 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈറ്റ്) | 1/2 ബാർ | 20.00 | 20.14 | 20.14 | 0.00 | 0.70 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 28.50 | 25.13 | 25.57 | 1.75 | -10.28 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 495.00 | 511.20 | 490.00 | -4.15 | -1.01 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 395.04 | 434.50 | 430.94 | -0.82 | 9.09 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 389.32 | 429.71 | 426.79 | -0.68 | 9.62 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 51.11 | 50.99 | 50.51 | -0.94 | -1.17 |



## അനുബന്ധം

### സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2019 | ജൂലൈ 2020 | ആഗസ്ത് 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 38.75 | 38.77 | 38.35 | -1.08 | -1.03 |
| 2 | ചമ്പ | കിലോഗ്രാം | 39.50 | 40.00 | 40.00 | 0.00 | 1.27 |
| 3 | റോസ് | കിലോഗ്രാം | 39.33 | 41.27 | 41.24 | -0.07 | 4.86 |
| 4 | ആന്ധ്രാ വെള്ള | കിലോഗ്രാം | 36.69 | 36.99 | 36.85 | -0.38 | 0.44 |
| 5 | ജയ | കിലോഗ്രാം | 36.06 | 37.81 | 37.85 | 0.11 | 4.96 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.23 | 35.42 | 35.29 | -0.37 | 3.10 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 95.43 | 121.66 | 116.71 | -4.07 | 22.30 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 97.61 | 125.82 | 121.76 | -3.23 | 24.74 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 94.95 | 120.15 | 118.63 | -1.27 | 24.94 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 91.25 | 115.12 | 112.55 | -2.23 | 23.34 |
| 5 | വൻപയർ | കിലോഗ്രാം | 77.57 | 80.74 | 77.48 | -4.04 | -0.12 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 99.52 | 99.00 | 99.83 | 0.84 | 0.31 |
| 7 | കടല(വലുത്) | കിലോഗ്രാം | 77.14 | 78.60 | 78.83 | 0.29 | 2.19 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 73.59 | 70.71 | 71.38 | 0.95 | -3.00 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 69.31 | 76.26 | 75.94 | -0.42 | 9.57 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 71.95 | 84.85 | 85.08 | 0.27 | 18.25 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.30 | 39.25 | 39.39 | 0.36 | 2.85 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 155.29 | 172.17 | 169.06 | -1.81 | 8.87 |
| 3 | ശർക്കര | കിലോഗ്രാം | 54.09 | 55.68 | 59.67 | 7.17 | 10.32 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 51.26 | 51.65 | 56.70 | 9.78 | 10.61 |
| 5 | ആട്ടിറച്ചി(എല്ലോടുകൂടിയത്) | കിലോഗ്രാം | 578.04 | 642.85 | 641.07 | -0.28 | 10.90 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 97.92 | 109.68 | 102.36 | -6.67 | 4.53 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.52 | 147.31 | 147.14 | -0.12 | -0.26 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 162.52 | 164.18 | 163.23 | -0.58 | 0.44 |
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 178.57 | 183.56 | 187.74 | 2.28 | 5.14 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 158.00 | 154.47 | 153.00 | -0.95 | -3.16 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 98.08 | 109.74 | 109.58 | -0.15 | 11.73 |
| 4 | നല്ലെണ്ണ | ലിററർ | 216.29 | 199.10 | 199.24 | 0.07 | -7.88 |
| 5 | കടുക് എണ്ണ | ലിററർ | 136.38 | 142.50 | 142.50 | 0.00 | 4.49 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 99.09 | 107.69 | 108.36 | 0.62 | 9.36 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 98.27 | 109.23 | 109.63 | 0.37 | 11.56 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 172.34 | 179.11 | 188.43 | 5.20 | 9.34 |

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2019 | ജൂലൈ 2020 | ആഗസ്ത് 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 102.82 | 96.39 | 97.93 | 1.60 | -4.76 |
| 2 | മുളക് | കിലോഗ്രാം | 143.38 | 167.49 | 162.81 | -2.79 | 13.55 |
| 3 | ഉള്ളി | കിലോഗ്രാം | 60.61 | 55.13 | 54.69 | -0.80 | -9.77 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 140.43 | 158.21 | 159.17 | 0.61 | 13.34 |
| 5 | ജീരകം | 100 ഗ്രാം | 30.02 | 29.83 | 29.90 | 0.23 | -0.40 |
| 6 | കടുക് | 100 ഗ്രാം | 9.59 | 9.71 | 9.81 | 1.03 | 2.29 |
| 7 | ഉലുവ | 100 ഗ്രാം | 10.00 | 9.93 | 10.12 | 1.91 | 1.20 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.88 | 19.05 | 18.67 | -1.99 | -1.11 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 12.89 | 13.69 | 15.21 | 11.10 | 18.00 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 417.27 | 373.54 | 371.92 | -0.43 | -10.87 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 37.21 | 34.37 | 35.87 | 4.36 | -3.60 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 26.73 | 24.95 | 23.40 | -6.21 | -12.46 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 28.43 | 40.23 | 43.19 | 7.36 | 51.92 |
| 4 | ചേമ്പ് | കിലോഗ്രാം | 73.12 | 59.90 | 62.00 | 3.51 | -15.21 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 42.27 | 37.80 | 36.69 | -2.94 | -13.20 |
| 6 | കാരററ് | കിലോഗ്രാം | 61.77 | 41.52 | 56.14 | 35.21 | -9.11 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 30.00 | 18.90 | 21.35 | 12.96 | -28.83 |
| 2 | വഴുതന | കിലോഗ്രാം | 34.91 | 31.43 | 32.93 | 4.77 | -5.67 |
| 3 | മത്തങ്ങ | കിലോഗ്രാം | 21.93 | 22.45 | 25.20 | 12.25 | 14.91 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 21.79 | 23.69 | 27.05 | 14.18 | 24.14 |
| 5 | വെണ്ടക്ക | കിലോഗ്രാം | 35.11 | 32.07 | 41.64 | 29.84 | 18.60 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 55.07 | 43.81 | 57.71 | 31.73 | 4.79 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 54.30 | 44.10 | 54.64 | 23.90 | 0.63 |
| 8 | കാബേജ് | കിലോഗ്രാം | 37.70 | 27.75 | 30.19 | 8.79 | -19.92 |
| 9 | പാവയ്ക്ക | കിലോഗ്രാം | 47.21 | 45.70 | 47.67 | 4.31 | 0.97 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 21.96 | 25.71 | 26.94 | 4.78 | 22.68 |
| 11 | പടവലങ്ങ | കിലോഗ്രാം | 36.11 | 31.50 | 33.57 | 6.57 | -7.03 |
| 12 | തക്കാളി | കിലോഗ്രാം | 31.48 | 39.45 | 33.60 | -14.83 | 6.73 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.11 | 5.49 | 5.76 | 4.92 | 12.72 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 41.02 | 34.97 | 42.07 | 20.30 | 2.56 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 37.98 | 30.99 | 31.07 | 0.26 | -18.19 |

| നം | ഇനങ്ങൾ | അളവ് | ആഗസ്ത് 2019 | ജൂലൈ 2020 | ആഗസ്ത് 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 111.20 | 103.80 | 98.54 | -5.07 | -11.38 |
| 2 | മുസമ്പി | കിലോഗ്രാം | 69.72 | 61.77 | 60.77 | -1.62 | -12.84 |
| 3 | മാതളം | കിലോഗ്രാം | 112.67 | 110.04 | 103.85 | -5.63 | -7.83 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 137.15 | 142.98 | 145.32 | 1.64 | 5.96 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 49.78 | 45.41 | 53.30 | 17.38 | 7.07 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 46.79 | 29.01 | 29.80 | 2.72 | -36.31 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 76.77 | 54.41 | 59.46 | 9.28 | -22.55 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 62.55 | 48.26 | 51.33 | 6.36 | -17.94 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 37.31 | 27.56 | 28.65 | 3.96 | -23.21 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 105.20 | 83.43 | 101.55 | 21.72 | -3.47 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 24.55 | 17.90 | 18.38 | 2.68 | -25.13 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 111.46 | 70.98 | 80.71 | 13.71 | -27.59 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 93.45 | 76.93 | 69.50 | -9.66 | -25.63 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 20.14 | 20.14 | 0.00 | 0.70 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 28.50 | 25.13 | 25.57 | 1.75 | -10.28 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 495.00 | 511.20 | 490.00 | -4.15 | -1.01 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 395.04 | 434.50 | 430.94 | -0.82 | 9.09 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 389.32 | 429.71 | 426.79 | -0.68 | 9.62 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 51.11 | 50.99 | 50.51 | -0.94 | -1.17 |